കടകൾവഴിയും നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വിൽക്കുന്നതിനുള്ള പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ സബ്സിഡിയില്ലാത്ത അവശ്യ സാധനങ്ങൾ (Non PDS) കൂടി റേഷൻ കടകൾവഴി വിതരണം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദമായ പ്രോജക്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(നി&ഡി) ഉണ്ട്. 337 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയുടെ 25% കേന്ദ്ര സർക്കാർ അനുവദിക്കുന്നതിനുള്ള ശുപാർശയാണ് സമർപ്പിച്ചിട്ടുള്ളത്. എന്നാൽ അത് അനുവദിക്കാത്തതിനാൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനുള്ള സാദ്ധ്യത പരിശോധിച്ചുവരുന്നു.

എൻഡോസൾഫാൻ ദുരിതബാധിതർക്ക് ലഭ്യമാക്കിയ സഹായങ്ങൾ

6 (*5) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൻഡോസൾഫാൻ ദുരിതബാധിതർക്ക് സഹായം നൽകുന്നകാര്യത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കിയതെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) ഉണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധം I ആയി വച്ചിട്ടുണ്ട്.*

(സി) വിശദാംശങ്ങൾ അനുബന്ധം II ആയി വച്ചിട്ടുണ്ട്.*

ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

7 (*6) ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കാൻ അടുത്ത സാമ്പത്തികവർഷം ആകെ എത്ര കോടി രൂപയുടെ ചെലവ് ഉണ്ടാകും എന്നാണ് കണക്കാക്കിയിരിക്കുന്നത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 5(*5)-ന്റെ ഉത്തരങ്ങൾ ദയവായി കാണുക]

അനുബന്ധം I

1. എൻഡോസൾഫാന്റെ ഉപയോഗംമൂലം മരണപ്പെട്ടവരുടെയും/മറ്റുള്ളവരുടെ സഹായം കൂടാതെ നടക്കാൻ വയ്യാത്തവരുടെയും/മന്ദബുദ്ധിയായ വരുടെയും കുടുംബാംഗങ്ങൾക്ക് 5 ലക്ഷം രൂപ വീതവും മറ്റ് അംഗവൈകല്യം സംഭവിച്ചവർക്ക് 3 ലക്ഷം രൂപ വീതവും നൽകുക; ഡോക്ടേഴ്സിന്റെ പാനൽ അംഗവൈകല്യം സംബന്ധിച്ച രോഗികളെ തരംതിരിക്കേണ്ടതാണ്. ഇതിനായി കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന് ആവശ്യമായ സഹായം നൽകേണ്ടതാണ്.

2. പാലക്കാട് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ എൻഡോസൾഫാൻ ഉപയോഗംമൂലം ദുരിതമനുഭവിക്കുന്നവരെ സംബന്ധിച്ച് സർവ്വേ നടത്തേണ്ടതാണ് ;

3. ദുരിതബാധിതർക്കും കുടുംബാംഗങ്ങൾക്കും നൽകുന്ന ആശ്വാസത്തിന്റെയും പുനരധിവാസത്തിന്റെയും അളവ് വർദ്ധിപ്പിക്കുകയും അവ കൃത്യമായും പൂർണ്ണമായും നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം.

4. ദുരിതബാധിതരുടെ രോഗനിർണ്ണയത്തിനും ചികിത്സക്കുമുള്ള സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും മുന്തിയ പരിചരണം ലഭിക്കുന്നതിന് കുറഞ്ഞപക്ഷം ഒരു ആശുപത്രിയെങ്കിലും ഉപകരണങ്ങളുടെയും സ്റ്റാഫിന്റെയും കാര്യത്തിൽ സുസജ്ജമാക്കുകയും ഗുരുതരമായ ദുരിതബാധിത പ്രദേശങ്ങളിലെ 11 വില്ലേജുകളിലെ എല്ലാ പ്രൈമറി ഹെൽത്ത് സെന്ററുകളെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി അപ്ഗ്രേഡ് ചെയ്യുകയും ചെയ്യണം.

അനുബന്ധം II

കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ച എൻഡോസൾഫാൻ ദുരിതബാധിത പരിഹാര സെല്ലിലേക്ക് 2006-ൽ 50 ലക്ഷം രൂപ അനുവദിച്ചു. ഈ തുക ഉപയോഗിച്ച് വിവിധ പുനരധിവാസപ്രവർത്തനങ്ങൾ നടത്തിവരുന്നു. വിവിധ വർഷങ്ങളിലായി കാസർഗോഡ് ജില്ലാ പഞ്ചായത്ത് 20 ലക്ഷം രൂപ പുനരധിവാസത്തിനായി നൽകി. ഈ ഫണ്ട് ഉപയോഗിച്ച് പ്രൈമറി ഹെൽത്ത് സെന്ററിലെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെയും രോഗികൾക്ക് തുടർ ചികിത്സ നൽകിവരുന്നു. വൈകല്യം സംഭവിച്ച ദുരിതബാധിതരിൽ അർഹരായവർക്ക് 300 രൂപ പ്രതിമാസ വികലാംഗ പെൻഷനും ഇതിന് പുറമെ സാമൂഹ്യക്ഷേമ വകുപ്പുനടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ അംഗീകരിക്കുന്ന ലിസ്റ്റ്പ്രകാരം എൻഡോസൾഫാൻമൂലം ഗുരുതരമായതും ദീർഘകാല ചികിത്സ ആവശ്യമുള്ളതുമായ രോഗങ്ങളുള്ളവരും തൊഴിലെടുക്കാതെ വീട്ടിൽ കഴിയുന്നവരുമായവരിൽ, ബന്ധപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുകളിൽനിന്നും വികലാംഗ പെൻഷനായി 300 രൂപ ലഭിക്കുന്നവർക്ക് 1,700 രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2,000 രൂപയും ദുരിതബാധിതരിൽപ്പെട്ട മറ്റു രോഗമുള്ളവർക്ക് 1000 രൂപ വീതവും പ്രതിമാസം ധനസഹായം നൽകുന്നതിന് 6-12-2010-ന് ഉത്തരവായിട്ടുണ്ട്. കൂടാതെ സ.ഉ.(സാധാ)നമ്പർ 5216/10/റവ. തീയതി 3-12-2010 പ്രകാരം ദുരിതബാധിതർക്ക് സൗജന്യ റേഷൻ അനുവദിക്കുകയും ഇതിന് കാസർഗോഡ് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 9-4-2010-ൽ എൻഡോസൾഫാൻ ദുരിതനിവാരണത്തിനായി അനുവദിച്ച 1.25 കോടി രൂപയിൽനിന്നും 20 ലക്ഷം രൂപ ഉപയോഗിച്ച് പ്രത്യേക സാന്ത്വന ചികിത്സാ പദ്ധതി നടപ്പാക്കി. ഇതിന്റെ ഭാഗമായി കിടപ്പിലായ രോഗികളെ വീട്ടിൽ എത്തി പരിചരിക്കുന്ന ഒരു മൊബൈൽ മെഡിക്കൽ സംഘം പ്രവർത്തിച്ചുവരുന്നു. ആയുർവ്വേദം, അലോപ്പതി, ഹോമിയോ ഡോക്ടർമാരും ഫിസിയോ തെറാപ്പിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ സ്പീച്ച് തെറാപ്പിസ്റ്റ്, ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുള്ള പ്രത്യേക പരിശീലകർ എന്നിവർ അടങ്ങിയ സംഘം പ്രതിമാസം ഒരു പഞ്ചായത്തിൽ രണ്ട് ദിവസം വീതം പതിനൊന്ന് പഞ്ചായത്തുകളിലും എത്തി രോഗികളെ ചികിത്സിച്ചുവരുന്നു. താലോലം പദ്ധതിയിലൂടെ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട വിദഗ്ദ്ധ ആശുപത്രികൾ മുഖേന ഒരു രോഗിക്ക് 50,000 രൂപവരെ സൗജന്യ ചികിത്സക്കായി നൽകുന്നുണ്ട്. എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിലെ ഓരോ സബ് സെന്ററുകളിലും 2 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെയും ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെയും സേവനം ലഭ്യമാക്കുന്നതിനായി 24 മെയിൽ നഴ്സ്, 69 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, 30 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, 12 ഫിസിയോ തെറാപ്പിസ്റ്റ് ഒരു എക്സ്റേ ടെക്നീഷ്യൻ എന്നിവരെ എൻ.ആർ.എച്ച്.എം.വഴി നിയമിക്കുകയും ഇനിയും ആവശ്യമുള്ള ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയും ചെയ്യുന്നു. കാസർഗോഡ് ജില്ലയിലെ പി.എച്ച്.സി., സി.എച്ച്.സി. ജനറൽ ഹോസ്പിറ്റൽ കാസർഗോഡ് ഡിസ്ട്രിക്ട് ഹോസ്പിറ്റൽ കാഞ്ഞങ്ങാട് എന്നിയുടെ സൗകര്യങ്ങളും സേവനങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. കാസർഗോഡ് ജില്ലാ ആശുപത്രിയുടെ നവീകരണം പൂർത്തിയായി. സി.ടി. സ്കാൻ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാസർഗോഡ് ജനറൽ ഹോസ്പിറ്റലിൽ ഫിസിയോതെറാപ്പി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളും അന്തിമ ഘട്ടത്തിലാണ് രോഗ ബാധിതർക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ കോളേജുകളിലെ സ്പെഷ്യലിസ്റ്റുകൾ പങ്കെടുത്ത മെഡിക്കൽ ക്യാമ്പുകൾ 11 പഞ്ചായത്തുകളിലും നടത്തി. രോഗ പരിശോധനയ്ക്ക്ശേഷം കൂടുതൽ വിദഗ്ദ്ധ ചികിത്സ ആവശ്യമുള്ളവർക്ക് മെഡിക്കൽ കോളേജുകളിലും മലബാർ കാൻസർ സെന്ററിലും സൗകര്യമൊരുക്കി രോഗികൾക്ക് ബയോമെട്രിക് കാർഡ് നൽകും.

LIBRARY ARCHIVES Kerala Legislative Assembly